കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും യാത്രക്കാർക്കും ക്ഷേമനിധി

*18 [258] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
„ കെ. പി. രാജേന്ദ്രൻ:
„ ബിനോയ് വിശ്വം:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും യാത്രക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ ഈ പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിലൂടെ നൽകാൻ കഴിയുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അപകടത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനാവശ്യമായ നിധി സ്വരൂപിക്കുന്നതെങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ. എസ്. ആർ. ടി. സി. ബസ്സിലെ യാത്രക്കാർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) അപകടത്തിൽപ്പെടുന്ന കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും യാത്രക്കാർക്കും അടിയന്തിര ചികിൽസയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുദ്ദേശിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. യാത്രക്കാരുടെ ക്ഷേമകാര്യങ്ങൾക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(സി) ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

(ഡി) 15 രൂപ മുതൽക്കുള്ള ടിക്കറിനുമേൽ 50 പൈസയും 100 രൂപ മുതൽക്കുള്ള ടിക്കറ്റിന്മേൽ ഒരു രൂപയും അധിക ചാർജ്ജായി ഈടാക്കി നിധി സ്വരൂപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതി

*19 [259] ശ്രീ. പി. ജയരാജൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ വി. കെ. ചന്ദ്രൻ:
„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങൾ പ്രദാനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ പ്രശസ്തിയെയും, ചെലവ് കുറയ്ക്കുന്ന സാങ്കേതിക വിദ്യകളെയും അടിസ്ഥാനമാക്കി പുതിയ പദ്ധതി തയ്യാറാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമം, പുതിയ സാങ്കേതിക വിദ്യ പ്രദാനം ചെയ്യൽ, നിലവാരം ഉയർത്തൽ എന്നിവയ്ക്ക് ഈ പദ്ധതിയുടെ ഭാഗമായി എന്തു തുക ചെലവഴിക്കുകയുണ്ടായി എന്നും വകയിരുത്തിയ തുക എത്രയെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) പുതിയ പദ്ധതിയായി നടപ്പാക്കിയിട്ടില്ല. എന്നാൽ പരമ്പരാഗത മേഖലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്:

കരകൗശല മേഖലയിൽ 1.75 കോടി രൂപ നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയതിൽ 65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്കായി 2002-03 സാമ്പത്തിക വർഷത്തിൽ 620.5 ലക്ഷം രൂപയും 2003-04-ൽ 165 ലക്ഷം രൂപയും കയർ തൊഴിലാളി ക്ഷേമനിധി ബോർഡിനു നൽകുകയുണ്ടായി.

കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിലേക്കായി 450 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

കൈത്തറി മേഖലയിൽ 2001-02 മുതൽ 2003-04 വരെ 830 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 691.44 ലക്ഷം രൂപ ഇതുവരെ ചെലവഴിക്കുകയുണ്ടായി.

(സി) കരകൗശല മേഖലയിൽ അപ്പക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം, വ്യവസായ സംരംഭകർക്കുള്ള സാമ്പത്തിക സഹായം, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളുടെ സ്ഥാപനവും നടത്തിപ്പും, അർബൻ ഹാത്ത്, മുള/ഈറ്റ എന്നീ പദ്ധതികളിലേക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. കയർ മേഖലയിലെ തൊഴിലാളികൾക്കായി പെൻഷൻ, വീട് വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചത്. കശുവണ്ടി മേഖലയിൽ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിലേക്കാണ് തുക ചെലവഴിച്ചത്. കൈത്തറി മേഖലയിൽ ക്ഷേമം, പുതിയ സാങ്കേതിക വിദ്യ പ്രദാനം ചെയ്യൽ, നിലവാരം ഉയർത്തൽ എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ക്ഷേമനിധി ബോർഡിൽ നിന്നുള്ള സഹായങ്ങൾ

*20 [260] ശ്രീ. കെ. ബാബു:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ആസ്തി എത്രയാണ്;

(ബി) പ്രസ്തുത ക്ഷേമനിധിയിലേക്കുള്ള അംശദായം എത്ര വീതമാണെന്ന് ഈ നിധിയിൽനിന്നും എന്തെല്ലാം സഹായം നൽകി വരുന്നുണ്ടെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly